Draft #7 of File 1726/AC A9 ASSISTANT./2018/AC A IX Approved by ASSISTANT REGISTRAR III (ACADEMIC) on 07-Aug-2020 08:26 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ഭൂമിശാസ്ത്രത്തിൽ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 3593/AC A 9/2020/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 10.08.2020

---

*പരാമർശം:*-1. 15.12.2016 ൽ ഫോറം ഓഫ് ജോഗ്രാഫേഴ്സ് സമർപ്പിച്ച നിവേദനം

2. 29.09.2018 ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

3.06.02.2019 തീയതിയിലെ സ ഉ നം 426/2019/എം ജി യു

4.26.04.2019 തീയതിയിൽ കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ നൽകിയ CDC1726/ACA9/19 നമ്പർ കത്ത്

5 .20.09.2019 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്

6.15.10.2019 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 4857/ACA9/2019/എം ജി യു

7.08.07.2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1 ) പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഭൂമിശാസ്ത്രം വിഷയമായി പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതിനായി ഫോറം ഓഫ് ജോഗ്രാഫേഴ്സ് ,സർവകലാശാല വൈസ് ചാൻസലർ മുൻപാകെ നിവേദനം സമർപ്പിച്ചിരുന്നു.മേൽ വിഷയം 06.05.2017 ന ചേർന്ന അക്കാഡമിക് കൗൺസിൽ മുൻപാകെ ബഹു വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സമർപ്പിച്ചിരുന്നു. അക്കാഡമിക് കൗൺസിലിന്റെ തീരുമാന പ്രകാരം പ്രസ്തുത വിഷയം സോഷ്യൽ സയൻസ് ഫാക്കൽറ്റി ഡീനിന്റെ പഠനത്തിനും ശുപാർശകൾക്കുമായി നൽകികൊണ്ട് ഉത്തരവായിട്ടുള്ളതാണ്.സോഷ്യൽ സയൻസ് ഡീൻ , നിർദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുകയും സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ജോഗ്രഫി പഠനം തുടങ്ങേണ്ടതിന്റെ ആവശ്യം സർക്കാരിന് മുൻപാകെ സമർപ്പിക്കാവുന്നതാണെന്നു കത്തിൽ അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. ബഹു വൈസ് ചാൻസലറുടെ 05.08.2017 ലെ ഉത്തരവ് പ്രകാരം മേൽ വിഷയത്തിൽ സയൻസ് ഫാക്കൽറ്റി ഡീനിന്റെ അഭിപ്രായവും തേടിയിരുന്നു. സയൻസ് ഫാക്കൽറ്റി ഡീൻ , മാറിക്കൊണ്ടിരിക്കുന്ന പഠന, ഗവേഷണ , തൊഴിൽ മേഖലകളിൽ ഭൂമിശാസ്ത്ര രംഗത്ത് സ്വദേശത്തും വിദേശത്തും ധാരാളം സാധ്യതകൾ ഉണ്ടെന്നും ആയതിനാൽ ഭൂമിശാസ്ത്രം വിഷയമായി ബിരുദകോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ടു. പരാമർശം (2 ) പ്രകാരം 29.09.2018 ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗം

, ഫാക്കൽറ്റി ഓഫ് സയൻസസ്, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ്,എന്നിവയുടെ ഡീൻമാർ സമർപ്പിച്ച ശിപാർശകളും അഭിപ്രായങ്ങളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു. പരാമർശം (4 ) പ്രകാരംപ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചു കൊണ്ട് 20.09.2019 തീയതി വൈസ് ചാൻസലറുടെ ഉത്തരവായിട്ടുള്ളതാണ്.പരാമർശം (6) പ്രകാരം വിദഗ്ധ സമിതി കൺവീനറായി ശ്രീ ഹിഗ്ഗിസ് റോബെർട്ടിനെ നിയമിച്ചുകൊണ്ട് 08.07.2020 തീയതിയിൽ വൈസ് ചാൻസലറുടെ ഉത്തരവായിട്ടുണ്ട്.

വിദഗ്ധ സമിതിയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങൾ :-

1.ശ്രീ ഹിഗ്ഗിസ് റോബർട്ട് , ഗവണ്മെന്റ് കോളേജ് കാര്യവട്ടം , തിരുവനന്തപുരം (വിദഗ്ധ സമിതി കൺവീനർ)

2.ശ്രീമതി ഐശ്വര്യ എ ,ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ആലപ്പുഴ

3 .ശ്രീമതി ബിൻസി ബി , ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ആലപ്പുഴ

4 .ശ്രീമതി അമ്പിളി പി ആർ ,എൻ എസ് എസ് കോളേജ്, പന്തളം

5 .ശ്രീ മനോജ് ജി ,ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് , കുളത്തൂർ

തദനുസരണം ഭേദഗതി ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി സി / പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ മാർ
3.ജെ ആർ /ഡി ആർ / എ ആർ(അക്കാദമിക് )
4.ജെ ആർ| /ഡി ആർ /എ ആർ (പരീക്ഷാവിഭാഗം )
5.എ സി സി /ഐ ക്യൂ എ സി/ CAP CELL
6 .Content Management (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ )
7 .കരുതൽ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #7 of File 1726/AC A9 ASSISTANT./2018/AC A IX Approved by ASSISTANT REGISTRAR III (ACADEMIC) on 07-Aug-2020 08:26 AM - Page 2